**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന നിരോധന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിനു ശേഷം വനിതകൾക്ക് നേരെ നടന്ന അതിക്രമങ്ങൾ എത്രയാണെന്നും പ്രസ്തുത അതിക്രമങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ; | (എ) | സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിനു ശേഷം വനിതകൾക്ക് നേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 50187 കേസുകൾ രജിസ്റ്റർ ചെയ്യുകയും, അതിൽ 41876 കേസുകൾ ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്തു. പ്രസ്തുത കേസുകളിൽ 51759 പ്രതികളെ അറസ്റ്റ് ചെയ്യുകയും, 1384 കേസുകളിലായി 1495 പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്ത്രീധന നിരോധന നിയമം സമഗ്രമായി നടപ്പിലാക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്നും വകുപ്പ് നിലവിൽ വന്ന ശേഷം സ്ത്രീധനത്തിന്റെ പേരിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും സ്ത്രീധനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അതിക്രമങ്ങൾ എത്രയെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ശിക്ഷിക്കപ്പെട്ട കേസുകൾ എത്രയെന്നും വിശദമാക്കാമോ; | (ബി) | സ്ത്രീധന നിരോധന നിയമ പ്രകാരമുള്ള പരാതികൾ ലഭിച്ചാൽ ആയതിന്മേൽ അന്വേഷണം നടത്തുന്നതിനും കേസ് രജിസ്റ്റർ ചെയ്യുന്നതിനും പോലീസിന് തടസ്സങ്ങളൊന്നും നേരിടുന്നില്ല. വനിതാ ശിശു വികസന വകുപ്പ് നിലവിൽ വന്ന ശേഷം സ്ത്രീധനത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെട്ടത്, സ്ത്രീധനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അതിക്രമങ്ങൾ, ശിക്ഷിക്കപ്പെട്ട കേസുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | വകുപ്പ് നിലവിൽ വന്ന ശേഷം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളിൽ എത്ര കേസ് രജിസ്റ്റർ ചെയ്തുവെന്നും പ്രസ്തുത അതിക്രമങ്ങളിൽ എത്ര മരണം സംഭവിച്ചുവെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ; | (സി) | വകുപ്പ് നിലവിൽ വന്ന ശേഷം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 14256 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അതിക്രമങ്ങളിൽ 132 കേസുകളിൽ മരണം സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14589 പ്രതികളെ അറസ്റ്റ് ചെയ്യുകയും, 11808 കേസുകളിൽ ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.ഇതിൽ 203 കേസുകളിലായി 210 പേരെ ശിക്ഷിക്കുകയും ചെയ്തു. |
| (ഡി) | പോക്സോ കോടതികളുടെ പ്രവർത്തനം എത്രത്തോളം സമഗ്രമാണെന്നും ശിക്ഷിച്ച കേസുകളുടെ എണ്ണം എത്രയെന്നും അറിയിക്കാമോ? | (ഡി) | സംസ്ഥാനത്ത് പോക്സോ കേസുകളുമായി ബന്ധപ്പെട്ട് 4695 കേസുകൾ കോടതി തീർപ്പുകൽപ്പിക്കുകയും അതിൽ 788 കേസുകളിൽ പ്രതികളെ ശിക്ഷിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | അറസ്റ്റ് ചെയ്ത കുറ്റക്കാരുടെ എണ്ണം | ചാർജ്ജ് ഷീറ്റ് സമർപ്പിക്കപ്പെട്ട കേസുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട കുറ്റക്കാരുടെ എണ്ണം |
|---|---|---|---|---|---|
| സ്ത്രീധനത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട കേസുകൾ [304 (B) IPC] | 42 | 55 | 36 | 0 | 0 |
| സ്ത്രീധനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അതിക്രമ കേസുകൾ | 10380 | 11087 | 7465 | 110 | 136 |

സെക്ഷൻ ഓഫീസർ

Scanned by CamScanner